# 59

# കുഞ്ഞാടിന്റെ കല്ല്യാണ സദ്യ

## (19:7-10)

ഞാൻ ഈ പാഠം തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ തപാലിൽ എനിക്ക് മനോഹരമായ ഒരു ക്ഷണക്കത്ത് ലഭിച്ചു. അതിൽ ഇങ്ങനെ പറഞ്ഞിരുന്നു,

**മിസ്റ്റർ ആന്റ് മിസിസ് ഡേവിഡ് എൽ. റോപ്പറിന്റെ**
**മകൾ ആഞ്ചലാ കെ. റോപ്പറും**
**മിസ്റ്റർ ആന്റ് മിസിസ് ബാരി ലവ്ജോയുടെ**
**മകൻ ഡാൻ ഹാരിസ് ലവ്ജോയും തമ്മിൽ**
**വിവാഹ പ്രതിജ്ഞ ചെയ്ത്**
**ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട്**
**ഡിസംബർ പന്ത്രണ്ടാം തീയതി**
**ശനിയാഴ്ച്ച ഒന്നിക്കുന്ന സന്ദർഭത്തിലേക്ക്**
**നിങ്ങളുടെ സാന്നിദ്ധ്യം**
**ക്ഷണിച്ചുകൊള്ളുന്നു ...**

നിങ്ങൾ ഊഹിക്കുന്നതുപോലെ ആ ക്ഷണക്കത്ത് എനിക്ക് പ്രിയപ്പെട്ടതാണ്. അത്തരം കത്ത് ആകാംക്ഷ നിറവേറുന്നതായിരുന്നു അതേ രീതിയിലുള്ള ഒരു ക്ഷണം വെളിപ്പാട് 19-ൽ കാണാം - അതും ഒരു വിവാഹക്ഷണക്കത്താണ്, എന്നാൽ അത് തികച്ചും കൂടുതൽ വിലയേറിയതാണ്.

അദ്ധ്യായം 19 ലെ "ഹല്ലേലുയ്യാ ഗാനത്തെ" കേന്ദ്രീകരിക്കുന്നതാണ് നമ്മുടെ ഈ വിലയേറിയ പാഠം. ഞാൻ മനപ്പൂർവ്വമായി വാക്യം 6-ൽ നിർത്തുകയായിരുന്നു, എന്നാൽ ഗാനം വാക്യം 7 ലും തുടരുന്നു: "നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്ല്യാണം വന്നുവല്ലൊ. അവന്റെ കാന്തയും തന്നെത്താൻ ഒരുങ്ങിയിരിക്കുന്നു." (ഈ പാഠത്തിന്റെ അവസാനം വരുന്ന "കുഞ്ഞാടിന്റെ അത്താഴ വിരുന്ന്" എന്ന ചിത്രീകരണം നോക്കുക.) കല്ല്യാണ വിഷയം അടുത്ത രണ്ട് വാക്യങ്ങളിലും തുടരുന്നു. നിങ്ങൾ വാക്യം 8 ഉം 9 ഉം വായിക്കുമ്പോൾ, ക്ഷണം പ്രത്യേകം ശ്രദ്ധിക്കുക:

> അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നെ. പിന്നെ അവൻ എന്നോട്, " 'കുഞ്ഞാടിന്റെ കല്ല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു' എഴുതുക" എന്നു പറഞ്ഞു ...

പിന്നീട് വെളിപ്പാട് അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ, "പുതിയ യെരുശലേം" എന്ന "വിശുദ്ധനഗരം കർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപോലെ ഒരുക്കി സ്വർഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്ന് ഇറങ്ങുന്നതും ഞാൻ കണ്ടു" (21:2).[1] "പുതിയ യെരുശലേമിനെ" വിവരിച്ചിരിക്കുന്നത്

“കുഞ്ഞാടിന്റെ, കാന്തയായ, മണവാട്ടിയായിട്ടാണ്” (21:9).

ഈ വിവാഹ ഭാവനയുടെ പ്രാധാന്യം എന്താണ്? കുഞ്ഞാടിന്റെ കല്ല്യാണം കഴിഞ്ഞ് അവന് കാന്തയുണ്ടാകുന്നത് എപ്പോഴാണ്? എന്താണ് കല്ല്യാണ സദ്യ, ആർക്കാണ് ക്ഷണക്കത്ത് അയക്കുന്നത്? നമുക്ക് അതുമായി എന്തു ബന്ധമാണുള്ളത്? ആ ചോദ്യങ്ങൾക്കും മറ്റു ചിലതിനും ഈ പാഠത്തിൽ നാം ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുകയാണ്. “കുഞ്ഞാടുമായി എനിക്ക് എന്തു ബന്ധമാണുള്ളത്?” എന്നും, ഓരോരുത്തരും വ്യക്തിപരമായി “ഞാൻ അവന്റെ മടങ്ങിവരവിനായി ഒരുങ്ങിയിട്ടുണ്ടോ?” എന്നും ചോദിക്കുവാൻ നാം പ്രോൽസാഹിപ്പിക്കണം.

## വിഷയങ്ങൾ

പഴയനിയമത്തിലെ ചുരുങ്ങിയത് മൂന്ന് ചിന്താധാരകൾ കോർത്തിണക്കിയതാണ് വെളിപ്പാട് 19:7–9, “അവയെല്ലാം തന്നെ ക്രിസ്തീയ സാഹിത്യത്തിന് മുൻപ് ഉപയോഗിച്ചിട്ടുള്ളതാണ്, ഒരൊറ്റ സന്ദർഭത്തിലാണെന്ന് മാത്രം.”[2]

ആദ്യമായി ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ ആലങ്കാരികമായി ചിത്രീകരിക്കുന്നതാണ് കല്ല്യാണം. പഴയനിയമത്തിൽ യിസ്രായേൽ ദൈവത്തെ വിവാഹം ചെയ്തതായി വിവരിച്ചിരിക്കുന്നു (യെശയ്യാവ് 50:1; യിരെമ്യാവ് 2:32; ഹോശേയാ 2:19, 20).[3] ഈ ഭാവന പുതിയനിയമത്തിൽ ആവർത്തിച്ചിരിക്കുന്നു.[4] വിവാഹാലങ്കാരം സുവിശേഷവിവരണങ്ങളിലുമുണ്ട്. മണവാളനേയും അവന്റെ സ്നേഹിതന്മാരേയും കുറിച്ച് നാം വായിക്കുന്നു (മത്തായി 9:15; 25:1; മർക്കൊസ് 2:19; യോഹന്നാൻ 3:29), കൂടാതെ കല്ല്യാണ സദ്യയെ കുറിച്ചും വിവാഹ വസ്ത്രത്തെ കുറിച്ചും നാം കാണുന്നു (മത്തായി 22:2, 11, 12; കൂടാതെ, ലൂക്കൊസ് 12:35, 36 നോക്കുക).

സഭ ക്രിസ്തുവിന്റെ മണവാട്ടിയായിട്ടാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. അവൻ കൊരിന്ത്യസഭയോട് പറഞ്ഞു, “ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്ന് നിങ്ങളെ നിർമ്മലകന്യകയായി ഏൽപിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു” (2 കൊരിന്ത്യർ 11:2). റോമിലെ ക്രിസ്ത്യാനികളോട് പറഞ്ഞത്, അവർ “മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റ വേറൊരുവന്ന് ആകേണ്ടതിന്”, നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം “ന്യായപ്രമാണസംബന്ധമായി” മരിച്ചിരിക്കുന്നു (റോമർ 7:4). ഈ വിഷയത്തെ കുറിച്ച് പൗലൊസിന്റെ ഒരുപക്ഷെ ശക്തമായ സന്ദേശം ആയിരിക്കാം എഫെസ്യ സഭക്കുള്ള ലേഖനത്തിൽ അവൻ പറയുന്നത്:

> ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും; കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കുതന്നെ തേജസോടെ മുന്നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്ക് വേണ്ടി ഏല്പിച്ചുകൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലൊ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്.

നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലൊ.
... അതുനിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോട് പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത്. ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രെ പറയുന്നത് (എഫെസ്യർ 5:25–32).

മനുഷ്യർക്ക് വിവാഹബന്ധം പോലെ ഊഷ്മളമായത് മറ്റൊന്നില്ല. വിവാഹം എന്തായിരിക്കണം, അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്ന് ചിന്തിക്കുക. അവയെല്ലാം, അതിൽകൂടുതലും ഉൾപ്പെടുന്നതാണ് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിൽ.

രണ്ടാമത്തെ ഇഴ ഒരു ഭക്ഷണം, സദ്യ എന്നത് ആലങ്കാരികമായി ഉല്ലാസവും കൂട്ടായ്മയും അടങ്ങുന്നതാണ്. പഴയനിയമത്തിൽ ഈ ഭാവന ക്രിസ്ത്യാനിത്വത്തിന്റെ സാർവ്വലൗകികതയെ പ്രവചിച്ച് അറിയിച്ചിട്ടുണ്ട്: "യഹോവ ഈ പർവ്വതത്തിൽ സകലജാതികൾക്കും മൃഷ്ടഭോജനങ്ങൾ കൊണ്ടും, മട്ടൂറിയ വീഞ്ഞുകൊണ്ടും ഒരു വിരുന്നു കഴിക്കും ... അവൻ മരണത്തെ സകലകാലത്തേക്കും നീക്കികളയും. യഹോവയായ കർത്താവ് സകല മുഖങ്ങളിൽനിന്നും കണ്ണുനീർ തുടെക്കുകയും ചെയ്യും" (യെശയ്യാവ് 25:6–8). യേശു അതേ പ്രയോഗം നടത്തിയിരിക്കുന്നു, "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും, തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിലിരിക്കും" (ലൂക്കൊസ് 13:29).[5]

ഭക്ഷണം കഴിക്കുന്നതു കൂടാതെ ഏതാനും പ്രവൃത്തികൾ പൊതുവായ സ്ഥലത്ത് ചെയ്യുന്നവയാണ്. എന്നിരുന്നാലും, പ്രത്യേക സന്ദർഭം വരുമ്പോൾ ആളുകൾ ഒരു സ്ഥലത്ത് ഒന്നിച്ചിരുന്നു ഭക്ഷിക്കുന്നു.

പെരുമാറ്റത്തിൽ മാറ്റം വരുന്ന പ്രത്യേക വസ്ത്രധാരണമാണ് ഭാവനയിലെ മൂന്നാമത്തെ ഇഴ (ഉൽപത്തി 35:2; യെശയ്യാവ് 52:1; 61:10; സെഖര്യാവ് 3:4). "പാപവഴികൾ" വിട്ടുകളഞ്ഞു, നീതി "ധരിക്കുവാൻ" പൗലൊസ് പലപ്പോഴും ക്രിസ്ത്യാനികളോട് പറഞ്ഞിരിക്കുന്നു (റോമർ 13:12, 14; എഫെസ്യർ 4:22, 24; കൊലൊസ്യർ 3:8–10).

**പശ്ചാത്തലം**

വെളിപ്പാട് 19-ൽ - കല്ല്യാണം, സദ്യ, വസ്ത്രം എന്നീ മൂന്നു കാര്യങ്ങൾ എങ്ങനെ യോജിച്ചിരിക്കുന്നു എന്നതിന് നാം യെഹൂദ കല്ല്യാണത്തെ കുറിച്ച് അൽപം കാര്യങ്ങൾ അറിയണം. ചില രീതിയിൽ, അവരുടെ ആചാരം നമ്മുടേതു പോലെയാണ്; മറ്റുവിധത്തിൽ അവർ വ്യത്യസ്തരുമായിരുന്നു.[6]

വിവാഹനിശ്ചയം മുതലാണ് യെഹൂദവിവാഹം ആരംഭിക്കുന്നത്.[7] അത് നമ്മുടെ വിവാഹനിശ്ചയം പോലെയാണെങ്കിലും അവരുടേത് കൂടുതൽ കെട്ടപ്പെടുന്നതാണ്. ഒരിക്കൽ ഒരു സ്ത്രീ ഒരു പുരുഷന്ന് വിവാഹനിശ്ചയം നടത്തിക്കഴിഞ്ഞാൽ, വിവാഹം നടന്നില്ലെങ്കിലും, ആ സ്ത്രീ അയാളുടെ ഭാര്യയായി കണക്കാക്കും (ഉൽപത്തി 29:21 നോക്കുക). അവൾ തന്റെ ഭർത്താവിന്ന് വിശ്വസ്തയായിരിക്കണം (ആവർത്തനപുസ്തകം 22:23, 24). ആ ബന്ധം ഉപേക്ഷണത്താലോ അല്ലെങ്കിൽ മരണത്താലോ മാത്രമെ അവസാനിക്കുന്നുള്ളു.

ഇതിനു കൂടുതൽ സുപരിചിതമായ ഒരു ചിത്രീകരണമായിരിക്കാം ഒരുപക്ഷെ മറിയയും യൗസേഫും തമ്മിലുള്ള വിവാഹനിശ്ചയം. "മറിയ യൗസേഫിന്

വിവാഹം *നിശ്ചയിക്കപ്പെട്ടശേഷം*, അവർ *കൂടിവരുമ്മുമ്പെ* പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു" (മത്തായി 1:18; എംഫസിസ് മൈൻ). അവളെ ഉപേക്ഷിച്ചാലോ എന്നുപോലും യൗസേഫ് ചിന്തിച്ചു (വാ. 19); എന്നാൽ ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി അവനോടു പറഞ്ഞു, "ദാവീദിന്റെ മകനായ യൗസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉൽപാദിതമായത് പരിശുദ്ധാത്മാവിനാലാകുന്നു" (വാ. 20). യൗസേഫിനോട് പറഞ്ഞത്, "നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾക" എന്നാണ്. യൗസേഫ് "ദൂതൻ കൽപിച്ചതുപോലെ, അവളെ അവന്റെ ഭാര്യയായി ചേർത്തുകൊണ്ടു" (വാ. 24). വാക്യം 20 ലും 24 ലും മൂലഗ്രന്ഥത്തിൽ "പോലെ" എന്ന വാക്ക് ഇല്ല. വാക്യം 20-ൽ അക്ഷരികമായി യൗസേഫിനോട് പറഞ്ഞു, "*നിന്റെ ഭാര്യയെ* ചേർത്തുകൊൾക" എന്നും വാക്യം 24-ൽ, അവൻ "*തന്റെ ഭാര്യയെ* ചേർത്തുകൊണ്ടു" എന്നുമാണ്.[8] (എംഫസിസ് മൈൻ.) വിവാഹാഘോഷത്തിന് മുൻപ് വിവാഹനിശ്ചയം നടത്തിയ സമയം മുതൽ മറിയ യോസേഫിന്റെ ഭാര്യയായി തീർന്നിരുന്നു.

വിവാഹനിശ്ചയത്തിനും വിവാഹത്തിനുമിടക്കുള്ള കാലയളവ് ചുരുക്കമോ[9] അല്ലെങ്കിൽ ദീർഘമോ ആകാം. കാലയളവ് എത്രയായാലും ആ സമയം പ്രതീക്ഷയും, നിർമ്മലതയും, ഒരുക്കവുമായിരിക്കും. ഒരുക്കത്തിന്റെ ഭാഗമാണ്, മണവാട്ടിയുടെ വസ്ത്രം തയ്യാറാക്കൽ. മണവാളന്റെ ഒരുക്കത്തിൽ പെടുന്നതാണ് സ്ത്രീധനം നൽകുന്നത് അടക്കം (ഉൽപത്തി 34:12 നോക്കുക).

അവസാനം വിവാഹസമയം വരുന്നു. ആഘോഷങ്ങളെ കുറിച്ച് വില്യം ഹെൻഡ്രിക്സൺ വിവരിച്ചിരിക്കുന്നു:

> മണവാട്ടി തന്നെ അലങ്കരിച്ച് ഒരുക്കും. ദീപങ്ങളും ഗാനവുമായി സ്നേഹിതന്മാരുടെ അകമ്പടിയോടുകൂടിയാണ് മണവാളൻ വിവാഹനിശ്ചയത്തിന് എത്തുന്നത്. അവൻ അവളെ സ്വീകരിച്ച്, പ്രദക്ഷിണത്തോടെ മടങ്ങി സ്വന്തം വീട്ടിലേക്കോ അല്ലെങ്കിൽ മാതാപിതാക്കളുടെ വീട്ടിലേക്കോ കൊണ്ടുപോകും ...[10]

ഒന്നോ രണ്ടോ ആഴ്ച്ച നീളുന്ന കല്ല്യാണ സദ്യക്ക് സന്തോഷമുള്ള ദമ്പതികൾ അതിഥികളെ ക്ഷണിക്കും[11]. അത് ആനന്ദിക്കുവാനുള്ള സമയം ആയിരുന്നു.[12]

പുതിയനിയമത്തിൽ ഈ ഭാവന, യേശുവും തന്റെ അനുയായികളും തമ്മിലുള്ള ബന്ധത്തെ ഊന്നി പറയുവാൻ ഉപയോഗിച്ചിരിക്കുന്നു. സഭ ക്രിസ്തുവിന്റെ മണവാട്ടി ആണെന്ന് പൗലൊസ് പറഞ്ഞത് നാം കണ്ടു കഴിഞ്ഞു. തന്റെ മണവാട്ടിക്ക് യേശു നൽകേണ്ടിയിരുന്ന വില, തന്റെ രക്തമായിരുന്നു (പ്രവൃത്തികൾ 20:28).

പഴയ മനോഹരമായ ഒരു ഗാനം പറയുന്നു,

> അവളെ വിശുദ്ധ മണവാട്ടിയാക്കുവാൻ
> സ്വർഗത്തിൽനിന്നാണ് അവൻ വന്നത്.
> തന്റെ സ്വന്തരക്തം കൊടുത്ത് അവളെ വാങ്ങുകയും,
> അവൾക്ക് വേണ്ടി അവൻ മരിക്കുകയും ചെയ്തു.[13]

സ്നാനം ഏൽക്കുമ്പോൾ, നാം സഭയുടെ ഭാഗമാകുന്നു (പ്രവൃത്തികൾ 2:47; 1 കൊരിന്ത്യർ 12:13[14]), അങ്ങനെ നാം മണവാട്ടിയുടെ ഭാഗമാകുന്നു. ഇപ്പോൾ നാം "വിവാഹ നിശ്ചയ" കാലയളവിൽ മണവാളൻ വന്ന് നമ്മെ തന്റെ "ഭവനത്തിലേക്ക്" കൊണ്ടുപോകുവാൻ കാത്തിരിക്കുകയാണ്.[15] "ഭൂമിയിലെ സഭ രണ്ട് ... കാലയളവിനുള്ളിലാണ് ജീവിക്കുന്നത്, ക്രിസ്തുവിന് വിവാഹനിശ്ചയം ചെയ്തശേഷം, ഉടമ്പടിയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്നു"[16] ഇപ്പോൾ ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം മധുരമുള്ളതാണ്. (1 പത്രൊസ് 1:8), എന്നാൽ അവനെ നാം മുഖാമുഖമായി കാണുമ്പോൾ അത് കൂടുതൽ മധുരമുള്ളതാകും (1 യോഹന്നാൻ 3:2). നമ്മുടെ കാത്തിരിപ്പ് കാലയളവും പ്രതീക്ഷയും, നിർമ്മലതയും, ഒരുക്കവും അടങ്ങുന്നതാണ്.

തങ്ങളുടെ പ്രതിജ്ഞയോട് വിശ്വസ്തത പുലർത്തി ജീവിക്കുന്നവർക്കായി യേശു ഉടനെയോ അല്ലെങ്കിൽ പിന്നീടോ മടങ്ങിവരും. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്ന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹന്നാൻ 14:3). മണവാളൻ "തന്റെ തേജസോടെ സകല വിശുദ്ധദൂതന്മാരുമായി മണവാട്ടിക്കായി വരും" (മത്തായി 25:31). പിന്നെ ഒരുങ്ങിയിരിക്കുന്ന "ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും" (1 തെസലൊനിക്യർ 4:17).

നമ്മുടെ വിവാഹസദ്യയും - ആഘോഷസമയവും - ഒരാഴ്ച്ചയോ രണ്ടാഴ്ച്ചയോ ആയിരിക്കയില്ല, എന്നാൽ അത് നിത്യത മുഴുവനായിരിക്കും. കർത്താവ് നമ്മോടുകൂടെ വസിക്കയും, നാം അവന്റെ ജനവുമായിരിക്കും. "അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടെച്ചുകളയും ... ഇനി മരണം ഉണ്ടാകയില്ല. ദുഃഖവും മുറവിളിയും കഷ്ടയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി" (വെളിപ്പാട് 21:3, 4)!

ഇത് രണ്ടും - നാം ഇപ്പോൾ അനുഭവിക്കുന്ന ബന്ധവും നിത്യതയിൽ അനുഭവിക്കുവാനിരിക്കുന്നതും മനോഹര ദൃശ്യമല്ലേ?

### സന്തോഷം (19:7)

അതാണ് വെളിപ്പാട് 19:7-10 ന്റെ ഊന്നൽ, അപ്പോഴും വേദഭാഗത്ത് നോക്കേണ്ട ധാരാളം വിശദാംശങ്ങളും, വിപുലമാക്കുവാൻ പരിഗണിക്കേണ്ട ചിന്തകളുമുണ്ട്. ഇനി നമുക്ക് വേദഭാഗത്തിലേക്ക് പ്രവേശിക്കാം.

വിജയികളായി തീർന്ന പുരുഷാരം ദൈവത്തെ പുകഴ്ത്തി ഗാനം ആലപിക്കുന്ന രംഗം നോക്കുക. അവർ ആദ്യം ദൈവം ചെയ്ത കാര്യങ്ങൾക്ക് അവനെ പുകഴ്ത്തുകയായിരുന്നു (വാ. 1-4), പിന്നെ അവൻ ചെയ്തുകൊണ്ടിരുന്നതിന് അവർ അവനെ പുകഴ്ത്തി (വാ. 5, 6). അവസാനം (നമ്മുടെ വേദഭാഗം) അവൻ എന്തു ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നതിന് അവർ അവനെ പുകഴ്ത്തി: "നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ കല്ല്യാണം വന്നുവല്ലൊ" (വാ. 7).

പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തുകൂടെ മാത്രമെ "സന്തോഷിക്കുക" "ഉല്ലസിക്കുക" എന്നീ ക്രിയകൾ രണ്ടും പുതിയനിയമത്തിൽ ചേർത്ത് ഉപയോഗിച്ചിട്ടുള്ളു, അത് മത്തായി 5:12 ലാണ്: "സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ ഉപദ്രവിച്ചുവല്ലൊ." അടിസ്ഥാനപരമായി

രണ്ടും ഒന്നു തന്നെയാണ് പറയുന്നത്: കാലം ഒരുപക്ഷെ മോശമാകാം; ദിനങ്ങൾ ഇരുണ്ടതാകാം; നിങ്ങളുടെ മുഖം കണ്ണുനീരിനാൽ നനഞ്ഞേക്കാം - പക്ഷെ നല്ലൊരു നാളെ വരുന്നു. തനിക്കുള്ളവർക്കായി കർത്താവ് വരുന്നു! കുഞ്ഞാടിന്റെ കല്ല്യാണം വന്നതിനാൽ "സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകുന്നു"!

വിവാഹാചാരം ഓരോ കാലത്തും ഓരോ സ്ഥലത്തും വിഭിന്നമായിരിക്കും. എന്നാൽ അവരിലെല്ലാം ഒരു വികാരമായിരിക്കും ഉണ്ടായിരിക്കുക: ഉല്ലാസം. ഞങ്ങൾ ആസ്ട്രേലിയയിലായിരുന്ന സമയം ഞാൻ ഓർത്തുപോകുന്നു: കോഴി കഴിക്കുന്നവർക്കായി പല യുവതികളും തങ്ങൾക്ക് ഇഷ്ടപ്പെട്ട "കോഴിക്കാലുകൾ" സൂക്ഷിച്ച് വെച്ച് ഭക്ഷണമേശയിൽ ഓരോന്ന് വിവാഹാഘോഷത്തിനായി ഉപയോഗിക്കും. മണവാളന്റെ വീട്ടിലേക്ക് പോകുന്ന മണവാട്ടി - തന്റെ ഭൗതിക സമ്പാദ്യങ്ങളും കുടുംബാംഗങ്ങളുമായി ഒരു ലോറിയിൽ പോകുന്ന ഒരു കാഴ്ച്ച വർഷങ്ങൾക്ക് മുൻപ് തുർക്കി സന്ദർശിച്ചപ്പോൾ ഞാൻ കാണുകയുണ്ടായി. റൊമാനിയയിലെ, ബ്രാസോവ് ഡൗൺടൗൺ പാർക്കിൽ നടന്ന ഒരു വിവാഹ പാർട്ടിയാണ് (മണവാട്ടി വെള്ള ഗൗണോടുകൂടി) ഏറ്റവും അടുത്ത സമയത്ത് കണ്ടതായ ചിത്രമാണ് ഓർമ്മ വരുന്നത്. ഞാൻ വിവരിച്ച ഓരോ വിവാഹാഘോഷത്തിലും ഇതു പൊതുവായി കാണാം: ആളുകൾ പുഞ്ചിരിക്കുന്നു; ആളുകൾ സന്തോഷിച്ചിരുന്നു; ആളുകൾ ആനന്ദിച്ചിരുന്നു.

അതുപോലെ, കർത്താവ് തന്റെ മണവാട്ടിയെ അവകാശമാക്കുവാൻ വരുന്ന സമയവും സന്തോഷമുള്ളതായിരിക്കും. അതായത്, അവന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നവർക്ക് അത് സന്തോഷപ്രദമായിരിക്കും.

### ഒരുക്കം (19:7, 8)

അത് നമ്മെ വാക്യം 7 ന്റെ അവസാനത്തിലേക്ക് കൊണ്ടുവരുന്നു, പുരുഷാരം പുകഴ്ത്തി പാടിയ ഗാനത്തിന്റെ ഉപസംഹാരം: "അവന്റെ കാന്തയും തന്നെത്താൻ ഒരുങ്ങിയിരിക്കുന്നു" (വാ. 7).

നിങ്ങൾ ഒരു വിവാഹത്തിന്റെ ഒരുക്കം നടത്തിയിട്ടുണ്ടെങ്കിൽ അതിൽ വളരെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട് എന്ന് നിങ്ങൾക്ക് അറിയാം.[17] ആ ഒരുക്കത്തിന്റെ ഒരു വശമാണ് നമ്മുടെ വേദഭാഗം പറയുന്നത് - വിവാഹ വസ്ത്രത്തെ കുറിച്ച്: "അവൾക്ക് ശുദ്ധവും, ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ"[18] (വാ. 8). വിവാഹത്തെ സംബന്ധിച്ച് സ്ത്രീകൾ സംസാരിക്കുന്ന ഒരു വിഷയം "മണവാട്ടി ഏത് തരം വസ്ത്രമാണ് ധരിക്കുന്നത്?" എന്നതാണ്. ഇക്കാര്യത്തിൽ ഉത്തരം ഇതായിരിക്കും: "ശുദ്ധവും ശുഭ്രവുമായ വസ്ത്രം."

ശുദ്ധവും, ശുഭ്രവുമായ, വസ്ത്രം വിശുദ്ധിയെയാണ് കാണിക്കുന്നത്.[19] പൗലൊസ് പറഞ്ഞു,

> ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും, കറ, ചുളുക്കം, മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്ക്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തേണ്ടതിനും, തന്നെത്താൻ

അവൾക്ക് വേണ്ടി ഏൽപിച്ചുകൊടുത്തു (എഫെസ്യർ 5:25-27).

നാം സ്നാനപ്പെടുമ്പോൾ (വെള്ളത്തിൽ മുങ്ങൽ), നമ്മുടെ പാപങ്ങൾ പോക്കി യേശുവിന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്നു (പ്രവൃത്തികൾ 22:16). നമ്മുടെ "ജീവിത വസ്ത്രങ്ങൾ" രക്തത്താൽ വെൺമയായി തീരുന്നു (വെളിപ്പാട് 7:9, 14). പിന്നെ നാം യേശുവിനെ വസ്ത്രമായി ധരിക്കുന്നു (ഗലാത്യർ 3:27). അതിനുശേഷം നാം വചന വെളിച്ചത്തിൽ വേണം തുടർന്നു നടക്കുവാൻ (1 യോഹന്നാൻ 1:7). നാം വിശുദ്ധരും നിഷ്ക്കളങ്കരുമായി, അവനോട് വിശ്വസ്തത പുലർത്തി ജീവിക്കണം.

വാക്യം 8 രണ്ട് ചിന്തകൾ നൽകുന്നു: നമ്മുടെ രക്ഷക്ക് ദൈവത്തിന്റെ ഭാഗവും മനുഷ്യന്റെ ഭാഗവുമുണ്ട്. ദൈവത്തിന്റെ ഭാഗം "ശുദ്ധവും ശുഭ്രവുമായ വസത്രം ധരിപ്പാൻ അവൾക്ക് *കൃപ ലഭിച്ചിരിക്കുന്നു*"[20] എന്ന പ്രസ്താവനയിൽ ദൈവത്തിന്റെ ഭാഗം ഉയർത്തി കാണിക്കുന്നു (എംഫസിസ് മൈൻ). "കൃപ ലഭിച്ചിരിക്കുന്നു" എന്ന പ്രയോഗം വെളിപ്പാടിൽ ഉടനീളം ദൈവം എല്ലാം നിയന്ത്രിക്കുന്നു എന്ന് ഊന്നി പറയുന്നതാണ് (6:2, 8; 13:7, 14; 16:8). നമ്മുടെ ശക്തികൊണ്ട് നമ്മുടെ "വസ്ത്രങ്ങൾ" ശുദ്ധീകരിപ്പാൻ നമുക്ക് കഴിയുകയില്ല; നാം ദൈവകരുണയിൽ ആശ്രയിക്കണം. രക്തത്താലുള്ള ശുദ്ധീകരണ പ്രക്രിയ കൂടാതെ, നമ്മുടെ ജീവിതം, "കറ പുരണ്ട തുണി" പോലെ ഇരിക്കും (യെശയ്യാവ് 64:6; കെജെവി). വിശുദ്ധീകരണത്തിനാവശ്യമായ വഴിയും, അവസരവും ശക്തിയും കർത്താവ് നൽകും - അങ്ങനെ അവന്റെ കൃപയാൽ പാപം മോചിക്കുന്നു. അതുകൊണ്ട്, "നമുക്ക് സന്തോഷിച്ച് ഉല്ലസിച്ച് *ദൈവത്തെ മഹത്വപ്പെടുത്താം*" (വാ. 7; എംഫസിസ് മൈൻ).

അതിനർത്ഥം നമ്മുടെ ഭാഗത്തു നിന്ന് ശ്രമം ഒന്നും ആവശ്യമില്ല എന്നല്ല നമ്മുടെ രക്ഷക്ക് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടകാര്യങ്ങൾ വാക്യം 8-ൽ പറയുന്നുണ്ട്: "വിശുദ്ധന്മാരുടെ *നീതി പ്രവൃത്തികൾ*[21] എന്ന ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം" (എംഫസിസ് മൈൻ). "അവസാനത്തോളം വിശ്വസ്തമായും അനുസരണമായും ജീവിക്കേണ്ട അസംഖ്യം പ്രവൃത്തികളെ സൂചിപ്പിക്കുന്നതാണ് മണവാട്ടിയുടെ അസംഖ്യം നൂലുകൾകൊണ്ട് തുന്നിയ വിശേഷ വസ്ത്രം"[22] എന്നാണ് റോബർട്ട് മോറിസ് പറഞ്ഞത്. "പുതിയ നിയമത്തിലെ ഏറ്റവും പ്രിയപ്പെട്ട ചിത്രങ്ങളിൽ ഒന്നാണ്" ഇതെന്ന് എച്ച്. എൽ. എലിസൺ പറഞ്ഞിരിക്കുന്നു:

> സ്വർഗത്തിൽ ദൂരെ മങ്ങലായി കാണാവുന്ന ചിത്രം വ്യക്തമാക്കുന്നത് ഓരോ നീതി പ്രവൃത്തികളും, അതായത് നാം പുറപ്പെടുവിച്ച ക്രിസ്തുവിലായതുമുതലുള്ള നീതി പ്രവർത്തികളെല്ലാം ചേർത്ത് ദൂതൻ തുന്നിച്ചേർക്കുന്നതാണ് വിവാഹവസ്ത്രം, അത് മഹത്വപ്പെടുത്തുന്നത് മണവാട്ടിക്കല്ല, മണവാളനത്രേ.[23]

ഹെന്റി സ്വെറ്റ് എഴുതി, "സഭ മുഴുവനേയും കാണപ്പെടുന്നത് കൂട്ടായ മിന്നിത്തിളങ്ങുന്ന ... വെൺമവസ്ത്രമുള്ളവരായിട്ടാണ്".[24]

രക്ഷക്ക് ദൈവഭാഗവും മനുഷ്യരുടെ ഭാഗവുമുണ്ട് എന്ന് പറയുന്ന വേദഭാഗം, ഇന്ന് പണ്ഡിതന്മാർക്ക് വിഷമസന്ധിയുണ്ടാക്കുന്നുണ്ട്. രക്ഷക്ക് ദൈവം എല്ലാം ചെയ്യുമെന്ന് പറയുന്നു, മറ്റുള്ളവർ പറയുന്നത്, (തെറ്റായ

വ്യാഖ്യാനം) മനുഷ്യർ എല്ലാം ചെയ്യണം എന്നാണ്. ഈ സ്പഷ്ടമായ വൈപരീത്യത്തെ നാം നേരിടുന്നതുപോലെ ആദ്യ ക്രിസ്ത്യാനികൾ നേരിട്ടിരിക്കയില്ല. ദൈവത്തിന്റെ ഭാഗത്തെ അവർ മഹത്വപ്പെടുത്തി; അവനെ കൂടാതെ രക്ഷയില്ല. അതേസമയം, ഓരോ വ്യക്തിയും തീരുമാനിക്കണം അയാൾക്ക് രക്ഷ വേണോ വേണ്ടയോ എന്നത് അവർ വ്യക്തമാക്കിയിരുന്നു. ബർട്ടൻ കോഫ്മാൻ ഇങ്ങനെ പറഞ്ഞു: "ദൈവം [മണവാട്ടിക്ക്] വസ്ത്രം കൊടുത്തു, എന്നാൽ അവളായിരുന്നു അത് *ധരിക്കേണ്ടിയിരുന്നത്*"[25]

മണവാളന്റെ വരവിനായി നാം എങ്ങനെയാണ് ഒരുങ്ങേണ്ടത്? നാം വിശ്വാസത്താലും അനുസരണത്താലുമാണ് ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമായിത്തീരുന്നത്, പിന്നെ "ലോകത്താലുള്ള കളങ്കം പറ്റാതെ നാം സൂക്ഷിക്കണം" (യാക്കോബ് 1:27). യോഹന്നാൻ പറഞ്ഞു,

> പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കളാകുന്നു. നാം ഇന്നത് ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോട് സദൃശന്മാർ ആകുമെന്ന് നാം അറിയുന്നു. അവനിൽ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലൻ ആയിരിക്കുന്നതുപോലെ തന്നെത്താൻ നിർമ്മലീകരിക്കുന്നു (1 യോഹന്നാൻ 3:2, 3).

പൗലൊസ് എഴുതി, "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതുകൊണ്ട്, നാം ജഡത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക" (2 കൊരിന്ത്യർ 7:1). പത്രൊസ് തന്റെ രണ്ടാം ലേഖനത്തിൽ ഇതേ പോയിന്റ് പറയുന്നുണ്ട് (2 പത്രൊസ് 3:14).

ഒരു പുരുഷന് ഒരു സ്ത്രീയോട് കാണിക്കാവുന്ന ഏറ്റവും വലിയ മാന്യതയാണ് അവളോട് തന്റെ മണവാട്ടിയാകാമോ എന്ന് ചോദിക്കുന്നത്. യേശു ആ മാന്യത നമുക്ക് നൽകിയിരിക്കുകയാണ്! അത് നാം മനസിലാക്കി ആ മാന്യതയെ നമുക്ക് അനുമോദിക്കാം; നമുക്ക് നമ്മുടെ കർത്താവിന്റെ വിശുദ്ധമണവാട്ടിയായി ജീവിക്കാം!

### ക്ഷണം (19:9)

യോഹന്നാൻ വിശുദ്ധന്മാരുടെ "ശുഭ്രവസ്ത്രത്തെ" പരിഗണിച്ചപ്പോൾ, ആരോ സംസാരിച്ചു, "അവൻ എന്നോട് പറഞ്ഞു ..." (വാ. 9). ആർഎസ്‌വിയിലും, എൻഐവിയിലും "*ദൂതൻ* എന്നോട് പറഞ്ഞു ..." എന്നാണ്. ഈ സംഭവത്തെ അതുപോലെ 22:8, 9 ലുള്ളതുമായി താരതമ്മ്യം ചെയ്താൽ, "ആരോ ഒരാൾ" ഒരുപക്ഷെ ഒരു ദൂതനായിരിക്കാമെന്ന് കാണാം, അത് ഒരുപക്ഷെ ദർശന പരമ്പരകൾ പരിചയപ്പെടുത്തിയ ദൂതനായിരിക്കാം (17:1).[26] സംസാരിച്ചയാൾ അപ്പൊസ്തലനോട് പറഞ്ഞു, "എഴുതുക,[27] 'കുഞ്ഞാടിന്റെ കല്ല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാര്' " (വാ. 9). ഇത് വെളിപ്പാടിലെ നാലാമത്തെ മനോഗുണമാണ്. അത് സംഖ്യയിൽ മാത്രമല്ല, ആശയത്തിലും മുഖ്യമാണ്. സ്വർഗത്തിലെ വിവാഹാഘോഷത്തിൽ പങ്കെടുക്കുന്നതിനേക്കാൾ വലുതായി മറ്റൊന്ന് ഊഹിക്കുവാൻ പോലും കഴിയുന്നില്ല.

"കല്ല്യാണസദ്യക്ക് ക്ഷണിച്ചവരെ കുറിച്ച്" ചില തെറ്റിദ്ധാരണകൾ നിലനി

ൽക്കുന്നുണ്ട്, എന്നാൽ കർത്താവിന്റെ ക്ഷണത്തോട് ക്രിയാത്മകമായി പ്രതികരിച്ചവരാണ് അവരെന്ന് സന്ദർഭം വ്യക്തമാക്കുന്നു, - മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, വിശ്വസ്തരായ ക്രിസ്ത്യാനികൾ. സ്നേഹപൂർവ്വമായ ക്ഷണം എല്ലാവർക്കുമുള്ളതായിരുന്നു: " 'വരിക' എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. ദാഹിക്കുന്നവൻ വരട്ടെ, ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (22:17). എങ്കിലും, ദൈവേഷ്ടത്തിന് കീഴ്പ്പെട്ട് ക്ഷണം സ്വീകരിച്ചവർ മാത്രമെ ഭാഗ്യവാന്മാരാകുന്നുള്ളൂ.[28]

മണവാട്ടി വിശ്വസ്തരായ ക്രിസ്ത്യാനികളാണെന്ന് പറഞ്ഞതുകൊണ്ടാണ് തെറ്റിദ്ധാരണയുണ്ടാകുന്നത്, ക്ഷണിക്കപ്പെട്ട അതിഥികൾ സഭയിലെ വിശ്വസ്തരായ അംഗങ്ങളെയാണ് എന്ന് ഇപ്പോൾ നാം പറയുന്നു.[29] ഒന്നിലധികം എഴുത്തുകാർ അവജ്ഞയോടെ പറഞ്ഞു, "മണവാട്ടിയെ സ്വന്തവിവാഹത്തിന് ക്ഷണിക്കുന്നത് ആരെങ്കിലും കേട്ടിട്ടുണ്ടോ?"[30] ആ വിമർശകർക്ക് അപോകാലിപ്റ്റിക് ഭാഷ വശമില്ലെന്ന് തോന്നുന്നു. ആട് ഒരു ഇടയനായി ആരെ ങ്കിലും കേട്ടിട്ടുണ്ടോ? എങ്കിലും, വെളിപ്പാടിൽ കുഞ്ഞാട് ഒരു ഇടയനാകുന്നു (7:17). അതുപോലെ, അദ്ധ്യായം 19-ൽ, വിശ്വസ്തരാണ് മണവാട്ടി എന്ന് പറഞ്ഞ് പരിശുദ്ധാത്മാവ് കുഞ്ഞാടിന്റെ വിവാഹത്തിന്റെ ഒരു വശം വ്യക്തമാക്കുകയും, അതിഥികളാണ് വിശ്വസ്തർ എന്ന് പറഞ്ഞ് വിവാഹത്തിന്റെ മറുവശവും വ്യക്തമാക്കുന്നു. പുതിയനിയമത്തിലെ ശേഷം ഭാഗങ്ങളിലും ഈ ഉപയോഗം സ്ഥിരമായി കാണാം, ചിലപ്പോൾ യേശുവിന്റെ അനുയായികളെ മണവാട്ടി എന്നും (റോമർ 7:2-4; 2 കൊരിന്ത്യർ 11:2; എഫെസ്യർ 5:23-33 നോക്കുക), ചിലപ്പോൾ മണവാളന്റെ സ്നേഹിതന്മാരായും ചിത്രീകരിച്ചിരിക്കുന്നു (മത്തായി 9:15; 25:1 നോക്കുക).

നമ്മെ ഓരോരുത്തരേയും കുഞ്ഞാടിന്റെ കല്ല്യാണസദ്യക്ക് ക്ഷണിച്ചിരിക്കുന്നു, പക്ഷെ ക്ഷണം സ്വീകരിക്കണോ വേണ്ടയോ എന്നത് നമ്മെ സംബന്ധിക്കുന്ന കാര്യമാണ്. എനിക്ക് ലഭിച്ച പല ക്ഷണവും ഞാൻ സ്വീകരിക്കാതിരുന്നിട്ടുണ്ട് - സമയക്കുറവ് കൊണ്ടും, ഊർജ്ജക്കുറവുകൊണ്ടും, (ചിലപ്പോൾ) താൽപര്യക്കുറവ് കൊണ്ടുമാകാം. ചില സമയത്ത് ആ ക്ഷണം സ്വീകരിക്കാതിരുന്നതിനാൽ ദുഃഖിച്ചിട്ടുണ്ട്. കുഞ്ഞാടിന്റെ കല്ല്യാണസദ്യക്കുള്ള കർത്താവിന്റെ ക്ഷണം നിരസിച്ചവർക്കെല്ലാം നിത്യത മുഴുവൻ ദുഃഖമായിരിക്കും എന്നു ഞാൻ തറപ്പിച്ചു പറയട്ടെ (മത്തായി 22:13).

"കുഞ്ഞാടിന്റെ കല്ല്യാണ സദ്യ" എന്ന സ്വർഗീയ ആഘോഷത്തിനുള്ള ക്ഷണത്തേക്കാൾ വലിയ ഭാഗ്യം മറ്റൊന്നില്ല. സന്തോഷത്തോടെ സ്വീകരിക്കേണ്ട ഒന്നാണ് ആ ക്ഷണം!

### ഉറപ്പ് (19:9)

ആ പ്രസ്താവനയുടെ പ്രാധാന്യം ഊന്നി പറയുവാൻ, സ്വർഗീയ സന്ദേശവാഹകൻ വീണ്ടും പറഞ്ഞു, "ഇതു, ദൈവത്തിന്റെ സത്യവചനം എന്നും അവൻ എന്നോട് പറഞ്ഞു"[31] (വാ. 9). ഈ ഉറപ്പ് വെളിപ്പാട് മൊത്തത്തെയും കുറിച്ചുള്ളതാണ്,[32] പലരും വിചാരിക്കുന്നത് ഇത് 17:1-ൽ തുടങ്ങിയതിന്റെ ചുരുക്കമാണെന്ന് പലരും വിചാരിക്കുന്നു. എങ്ങനെയായാലും, നാം പഠിച്ചുകൊണ്ടിരിക്കുന്ന വേദഭാഗവും മിക്കവാറും അങ്ങനെതന്നെ. അവിശ്വാസികൾ ദൈവവാഗ്ദാനത്തെ അവജ്ഞയോടെയാണ് കാണുന്നത്, എന്നാൽ നാം അത് ഗണ്യമാക്കുവാൻ ആണ് കർത്താവ് ആഗ്രഹിക്കുന്നത്!

ആദ്യ ക്രിസ്ത്യാനികൾക്ക് ഇത്തരം ഉറപ്പ് ലഭിക്കേണ്ടത് ആവശ്യമായിരുന്നു. വാക്യം 8 ലെ സന്ദേശം "പ്രതികൂലാവസ്ഥയിലായിരുന്ന സഭയ്ക്ക് വലിയ ഒരു പോയിന്റായിരുന്നു" എന്ന് ലിയോൺ മോറിസ് നിരീക്ഷിച്ചു. ഉപദ്രവിക്കുന്നവരല്ല, മറിച്ച് ഉപദ്രവിക്കപ്പെടുന്നവരാണ് ഭാഗ്യവാന്മാർ, എന്ന് ഉപദ്രവിക്കപ്പെട്ട് ഹൃദയം കലങ്ങിയ ക്രിസ്ത്യാനികൾ അറിയണമായിരുന്നു.[33] നമുക്കും ഇന്ന് അത്തരം ഉറപ്പ് ആവശ്യമാണ്. മൈക്കിൾ വിൽകോക്ക് എഴുതിയത്, നമ്മുടെ വേദഭാഗം "ഒരു ക്രിസ്ത്യാനിയുടെ കാഴ്ച്ചപ്പാടിനെ മൊത്തത്തിൽ ബാധിക്കും. അത് അവന്റെ പങ്ക് വെളിപ്പെടുത്തും, അതിനാൽ, അവന്റെ ഉറപ്പും, പ്രത്യാശയും, അവന്റെ ആത്മവിശ്വാസവും, ധൈര്യവും പ്രചോദിപ്പിക്കും. അത് അവന്റെ പ്രശ്നങ്ങൾ പരിഹരിക്കത്തക്കതാക്കും"[34] അദ്ദേഹം ഉപയോഗിച്ച അവസാനത്തെ വാക്ക് എനിക്ക് ഇഷ്ടമായി. നമ്മുടെ ഏതൊരു പ്രശ്നവും *പരിഹരിക്കത്തക്കതാണെന്ന്* പഠിപ്പിക്കുന്നതാണ് കുഞ്ഞാടിന്റെ കല്ല്യാണ സദ്യക്കുള്ള ക്ഷണം.

### ശ്രദ്ധ (19:10)

വാക്യങ്ങൾ 7 മുതൽ 9 വരെയുള്ള ഭാഗത്തെ വലിയ സത്യം യോഹന്നാന് വെളിപ്പെടുത്തി കൊടുത്തപ്പോൾ, ആ അപ്പൊസ്തലൻ അപ്രതീക്ഷിതമായി, അവന്റെ സ്വഭാവത്തിന് വിരുദ്ധമായി ചിലത് ചെയ്തു: അവൻ പറഞ്ഞു, "ഞാൻ അവനെ നമസ്ക്കരിക്കേണ്ടതിന്ന് അവന്റെ കാൽക്കൽ വീണു" (വാ. 10).

ആ നടപടിയെ ചില വ്യാഖ്യാതാക്കൾ ലഘൂകരിക്കുവാൻ വളരെ പണിപ്പെട്ടിട്ടുണ്ട്. അത് യേശുവായിരുന്നു എന്ന് യോഹന്നാൻ തെറ്റിദ്ധരിച്ചതുകൊണ്ടായിരുന്നു അങ്ങനെ സംഭവിച്ചതെന്ന് ഒരു സിദ്ധാന്തം പറയുന്നു. അത് ദർശനത്തിന്റെ ഭാഗം മാത്രമായിരുന്നു, അല്ലാതെ അത് വാസ്തവത്തിൽ സംഭവിച്ചില്ല എന്നാണ് വേറൊരാൾ പറയുന്നത്. ആസ്യാ ഭൂഖണ്ഡത്തിൽ ദൂതന്മാരെ നമസ്ക്കരിച്ചിരുന്നതുകൊണ്ട്, അവരുടെ പ്രയോജനത്തിനുവേണ്ടി കാണിച്ചതാണെന്നാണ് മറ്റൊരാൾ വിലയിരുത്തിയത് (കൊലൊസ്യർ 2:18). യോഹന്നാൻ പറഞ്ഞതുപോലെ ചെയ്തു എന്നാണ് ഞാൻ വിശ്വസിക്കുന്നത്, അവൻ ആ സംഭവം എഴുതിയപ്പോൾ അവന്റെ മഖം വിളറിക്കാണും.

ദൈവശ്വാസിയ എഴുത്തുകാർ തങ്ങൾക്ക് പറ്റിയ അബദ്ധങ്ങൾ രേഖപ്പെടുത്തിയത് അസാധാരണമായിരുന്നില്ല. കോപം നിമിത്തം വാഗ്ദത്ത ദേശമായ കനാനിൽ പ്രവേശിക്കുവാൻ മോശക്ക് കഴിഞ്ഞില്ല എന്ന് മോശെ രേഖപ്പെടുത്തിയിരുന്നു (സംഖ്യാപുസ്തകം 20:1–13). അത് (പ്രാരംഭ എഴുത്തുകാർ പറഞ്ഞതുപോലെ) ആണെങ്കിൽ മർക്കൊസിന്റെ സുവിശേഷം പത്രൊസിന്റെ വിവരണമായി തോന്നാം. യേശുവിനെ തള്ളിപ്പറഞ്ഞത് തുറന്നു പറയുവാൻ പത്രൊസ് മടിച്ചില്ല (മർക്കൊസ് 14:66–72). യോഹന്നാൻ നമ്മെ പോലെ ബലഹീനതയുള്ള ഒരു മനുഷ്യനായിരുന്നു എന്നതാണ് ആ സംഭവം വ്യക്തമാക്കുന്നത്. വെളിപ്പാട് 19:10 ന് മുൻപ് ദർശനങ്ങളിലെല്ലാം അപ്പൊസ്തലനെ ചോദ്യശരങ്ങൾകൊണ്ട് വീർപ്പ് മുട്ടിക്കുന്നതായി നാം കണ്ടുവല്ലൊ. നിങ്ങളും ഞാനും കുറെ നേരം വെളിപ്പാട് പുസ്തകം വായിക്കും, പിന്നെ വിശ്രമിക്കും; യോഹന്നാന്റെ കണ്ണുകളും കാതുകളും നിറയെ മനോഹരദർശനങ്ങളും അമ്പരപ്പിക്കുന്ന അടയാളങ്ങളും, അതിശയിപ്പിക്കുന്ന സത്യങ്ങളുമായിരുന്നു. അവന്റെ കാതുകളിൽ അവ മുഴങ്ങുകയും കണ്ണുകൾ ഒരുപക്ഷെ മഞ്ഞളിക്കുകയും ചെയ്തിരിക്കാം. പി

ന്നീടാണ് അവയെല്ലാം സത്യമാണെന്ന് ദൈവത്തിന്റെ വക്താവ് അവനോട് പറയുന്നത്. അതിൽ യോഹന്നാൻ ആഹ്ലാദഭരിതനായി കാണും എന്ന് ഞാൻ കരുതുന്നു. ഞാനാണെങ്കിലും അങ്ങനെ സംഭവിക്കുമെന്ന് എനിക്ക് അറിയാം. എങ്ങനെയായാലും, ഈ സംഭവം രേഖപ്പെടുത്തിയത് യോഹന്നാനെ ലജ്ജിപ്പിക്കുന്നതിനല്ല എന്ന് നിങ്ങൾക്ക് ഉറപ്പിക്കാം. പിന്നെയോ അതിൽനിന്ന് നമ്മെ ദൈവം ഒരു പാഠം പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

യോഹന്നാൻ അവന്റെ കാൽക്കൽ വീണപ്പോൾ, വക്താവ് ഞെട്ടിപ്പോയി: "അവൻ എന്നോട് പറഞ്ഞത്, 'ഞാൻ നിനക്കും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാർക്കും[35] സഹഭൃത്യനത്രെ' "[36] (വാ. 10). ദൂതന്മാർക്കും (സംസസാരിച്ചതു ദൂതനാണെന്ന് കരുതിയാൽ) മനുഷ്യർക്കും തമ്മിൽ വ്യത്യാസം ഉണ്ട് (എബ്രായർ 2:6–8), എന്നാൽ ദൂതന്മാരും മനുഷ്യരായ വിശ്വസ്ത ക്രിസ്ത്യാനികളും[37] ദൈവത്തിന്റെ ഭൃത്യന്മാരാണ് (കൊലൊസ്യർ 4:7; എബ്രായർ 1:7, 14). രണ്ടു കൂട്ടരേയും ആരാധിക്കരുത്.

സന്ദേശവാഹകൻ യോഹന്നാനോട് "ദൈവത്തെ നമസ്ക്കരിക്ക" എന്നു പറഞ്ഞു (വാ. 10). ഏതാണ്ട് എഴുപത് വർഷം മുൻപ് യേശു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ മാത്രമെ നമസ്ക്കരിക്കാവു" (മത്തായി 4:10). എന്ത് സമ്മർദ്ദം നേരിട്ടാലും ക്രിസ്ത്യാനികൾ ചക്രവർത്തിയെ നമസ്ക്കരിക്കരുത് എന്നതായിരുന്നു വെളിപ്പാട് 19:10 ലെ അന്നത്തെ ക്രിസ്ത്യാനികൾക്കുള്ള സന്ദേശം.[38] കർത്താവിന്റെ മുൻപിൽ മറ്റൊന്നും നമ്മുടെ ഹൃദയങ്ങളിലോ മനസുകളിലോ വരുവാൻ പാടില്ല എന്നതാണ് ഇന്ന് നമുക്കുള്ള സന്ദേശം. ചിലർ ഇന്നും ദൂതന്മാരെയും മതാദ്ധ്യക്ഷന്മാരെയും ആരാധിക്കുന്നുണ്ട്. എന്നാൽ ഈ വേദഭാഗവും 22:8, 9 ഉം അത്തരം പ്രവർത്തിയെയും മനോഭാവത്തെയും ദൈവം വിലക്കിയിരിക്കുകയാണ്.[39] കൂടുതൽ സാധാരണയായി, ലോകത്തിലുള്ള പലതും നമ്മുടെ ഉള്ളിൽ "വിഗ്രഹങ്ങളായി" മാറുവാൻ നാം അനുവദിക്കുന്നു (കൊലൊസ്യർ 3:5). ബൈബിൾ വ്യക്തമായി സംസാരിക്കുന്നു: "ദൈവത്തെ മാത്രമെ നമസ്ക്കരിക്കാവു" (14:7; 19:5).[40]

നിർണ്ണായക പ്രസ്താവനയോടുകൂടിയാണ് വക്താവ് ഉപസംഹരിക്കുന്നത് എന്നതാണ് സത്യം. "യേശുവിന്റെ സാക്ഷ്യമോ പ്രവചനത്തിന്റെ ആത്മാവ് തന്നെ" (19:10). ദൈവശ്വാസിയ ഉപദേശമാണ് പ്രവചനം. "ആത്മാവ്" എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, ഒരുപക്ഷെ "എന്തോ ഒന്നിന്റെ യഥാർത്ഥമായ പ്രത്യേക പ്രാധാന്യം സൂചിപ്പിച്ചുകൊണ്ടാണ്: ഉദാഹരണമായി ന്യായപ്രമാണത്തിന്റെ ആത്മാവ്."[41] "ആത്മാവിന്" പകരം ഇവിടെ ഉപയോഗിക്കാവുന്ന വാക്കാണ് "അന്തസത്ത."[42] ഈ വാക്യത്തിലെ ഊന്നൽ "യേശു" എന്ന വാക്കിനാണ്: യേശുവിന്റേയും യേശുവിനെ കുറിച്ചുമുള്ള ഉപദേശമാണ് യേശുവിന്റെ സാക്ഷ്യം, അതാണ് ദൈവശ്വാസിയ ഉപദേശത്തിന്റെ അന്തസത്ത. (ലൂക്കൊസ് 24:44; യോഹന്നാൻ 5:46). മനുഷ്യരെ ഉയർത്തരുത്; ദൂതന്മാരെ ഉയർത്തരുത്; യേശുവിനെ മാത്രമെ ഉയർത്താവു.[43]

ആകയാൽ നമുക്ക് ദൈവത്തെ നമസ്ക്കരിക്കാം, അവനാണ് യേശുവിനെ അയച്ചത്, സാക്ഷ്യം വെളിപ്പെടുത്തിയത് അവനാണ്, കുഞ്ഞാടിന്റെ കല്ല്യാണം അടുത്തിരിക്കുന്നു എന്ന സന്തോഷത്താൽ നമ്മെ ഉറപ്പിക്കുന്നതും അവനാണ്! "നാം സന്തോഷിച്ച് ഉല്ലസിച്ച് അവന്ന് മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ കല്ല്യാണവും വന്നുവല്ലൊ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു" (19:7).

## ഉപസംഹാരം

ചിലർ നമ്മുടെ വേദഭാഗത്തെ അക്ഷരികമായി എടുക്കുവാൻ ശ്രമിക്കുന്നുണ്ട്: സ്വർഗത്തിൽ ഒരു അക്ഷരിക വിവാഹം നടക്കുന്നതായിട്ടാണ് അവർ കാണുന്നത്. വിവാഹനിശ്ചയത്തിൽ അധികപങ്കു വഹിച്ചത് പൗലൊസ് ആയതുകൊണ്ട് (2 കൊരിന്ത്യർ 11:2), അവനായിരിക്കും വിവാഹം നടത്തുന്നത് എന്ന് പോലും ഒരു ഉപദേഷ്ടാവ് കരുതുന്നു. ഉപയോഗിച്ചിരിക്കുന്ന ഭാഷ ആലങ്കാരികമാണെന്ന് ഓർക്കുക. അലങ്കാരം മനോഹരമാണ്, ത്രസിപ്പിക്കുന്നതും, ജ്വലിപ്പിക്കുന്നതുമാണ് – അപ്പോഴും അത് ആലങ്കാരികമാണ്.

സുവിശേഷം പ്രസംഗിച്ചപ്പോൾ, നിങ്ങളും ഞാനും സ്വർഗിയ ക്ഷണം സ്വീകരിച്ചു. നാം യേശുവിൽ വിശ്വസിച്ച്, വെള്ളത്തിൽ സ്നാനം ഏൽക്കുമ്പോൾ, നാം ക്രിസ്തുവുമായി (വിവാഹനിശ്ചയത്തിൽ) ഏർപ്പെടുന്നു. നമുക്ക് യേശുവുമായി ആവേശകരമായ ഒരു ബന്ധം ഉണ്ടാകുന്നു, അവൻ നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. എങ്ങനെയായാലും, കർത്താവ് മടങ്ങിവന്നു തന്റെ മണവാട്ടിയെ സ്വീകരിക്കുമ്പോൾ നമുക്ക് അതിനേക്കാൾ സന്തോഷം അനുഭവപ്പെടും.

ഒരു ദിവസം – അത് ഉടനെ ആയിരിക്കാം, അല്ലെങ്കിൽ അല്ലായിരിക്കാം – ആ ദിവസം വരും. അന്ന് എല്ലാവരും യേശുവിന്റെ ന്യായാസനത്തിന് മുൻപിൽ നിൽക്കേണ്ടിവരും (20:11–15), അവൻ തനിക്കുള്ളവരെ തിരിച്ചറിയുകയും ചെയ്യും. “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ” എന്ന് കേൾക്കുന്നത് എത്ര ഹൃദയഹാരിയായിരിക്കും (മത്തായി 25:34). യേശുവുമായുള്ള നമ്മുടെ യോജിപ്പ് പൂർണ്ണമാകയും; നിത്യവിവാഹാഘോഷം ആരംഭിക്കയും ചെയ്യും!

യേശുവുമായുള്ള നിങ്ങളുടെ ബന്ധം എങ്ങനെയിരിക്കുന്നു? നിങ്ങൾ അവന്റെ മണവാട്ടിയായ സഭയുടെ ഭാഗമായി തീർന്നിട്ടുണ്ടോ? നിങ്ങൾ അവന്നായി നിങ്ങളെ നിർമ്മലീകരിച്ചിട്ടുണ്ടോ? നിങ്ങൾ അവന്റെ വരവിനായി ഒരുങ്ങിയിട്ടില്ലെങ്കിൽ, അവന്റെ കരുണാപൂർവ്വമായ ക്ഷണം സ്വീകരിക്കുവാൻ അൽപം പോലും താമസിക്കരുത് എന്നാണ് എന്റെ പ്രാർത്ഥന. വിരുന്ന് നിങ്ങൾക്ക് വേണ്ടിയാണ് ഒരുക്കിയിരിക്കുന്നത്, വരിക![44]

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ പാഠവും അടുത്തതും യോജിപ്പിച്ച് ഒന്നാക്കാം. ആവശ്യമായ വാക്യങ്ങളോടുകൂടി ഈ തലവാചകമാണ് മിലോ ഹാഡ്വിൻ നൽകിയിരിക്കുന്നത്: “വിരുന്നും യുദ്ധവും.” മയർ പേൾമാൻ ഉപയോഗിച്ച തലവാചകം “വിവാഹവും യുദ്ധവും എന്നാണ്.”

---

കുറിപ്പുകൾ

[1]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന “എല്ലാം പുതുതായി” എന്ന പാഠത്തിലെ 21:2 ന്റെ പരാമർശങ്ങൾ നോക്കുക. [2]ജി. ബി. കെയിഡ്, *ഏ കമെന്ററി ഓൺ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ; ആഡം ആന്റ് ചാൾസ് ബ്ലാക്ക്, 1966), 234. [3]യെശയ്യാവ് 54:1, 5–7; 62:5; യിരെമ്യാവ് 3:14; 31:32; യെഹസ്കേൽ 16:8 നോക്കുക.

[4]പഴയനിയമത്തിൽ വിവാഹ ഭാവനയെല്ലാം നിഷേധ സന്ദർഭത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്: യിസ്രായേൽ അവരുടെ ആത്മിയ മണവാളനായിരുന്ന യഹോവയോട് അവിശ്വസ്തത പുലർത്തി. പുതിയ നിയമത്തിൽ അലങ്കാരം ക്രിയാത്മകമായാണ് ഉപയോഗിച്ചിരിക്കുന്നത്. [5]വെളിപ്പാട് 3:20 ലെ കൂട്ടായ്മയെ കാണിക്കുന്നതാണ് വിരുന്ന് എന്ന അലങ്കാരം. [6]അമേരിക്കയിലെ ആചാരങ്ങളെ കുറിച്ച് ഞാൻ ചില താരതമ്യം നടത്തും. നിങ്ങളുടെ പ്രദേശത്തുള്ള വിവാഹാചാരങ്ങളെ കുറിച്ച് സാമ്യവും വ്യത്യാസവും നിങ്ങൾക്ക് പറയാം. [7]നിയോഗിക്കപ്പെട്ട മണവാളന്റേയും മണവാട്ടിയുടേയും രക്ഷകർത്താക്കൾ വിവാഹനിശ്ചയത്തിന് മുൻപ് വധൂവരന്മാർ ചെറുതായിരിക്കുമ്പോൾ തന്നെ ചില ഏർപ്പാടുകൾ നടത്തും. [8]കെജെവി നോക്കുക. [9]വിവാഹനിശ്ചയത്തിനും വിവാഹത്തിനും ഇടക്ക് സമയം അന്തർലീനമാക്കിയിരിക്കുകയാണ് പത്തു കന്യകമാരുടെ ഉപമയിൽ (മത്തായി 25:1–13). [10]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 215.

[11]വിവാഹ വസ്ത്രം ഇല്ലാത്തവർക്ക് വിരുന്നുകഴിക്കുന്നവർ പലപ്പോഴും നൽകിയിരുന്നു. മത്തായി 22:11, 12 ലെ രംഗം ഈ ആചാരത്തെയാണ് പറയുന്നതെന്ന് തോന്നുന്നു; വിവാഹത്തിനു വന്നയാൾക്ക് വിവാഹവസ്ത്രം കൊടുത്തുവെങ്കിലും അയാൾ അത് ധരിക്കുവാൻ കൂട്ടാക്കിയില്ല. [12]വിവാഹസദ്യയെ കുറിച്ച് യേശു മത്തായി 22 ലും 25 ലും പറയുന്ന ഉപമകൾ അന്നത്തെ ആചാരത്തെ വിളിച്ചറിയിക്കുന്നതാണ്. ആ ഉപമകൾ നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമില്ലെങ്കിൽ അൽപം സമയമെടുത്ത് അവ ചർച്ച ചെയ്യാവുന്നതാണ്. [13]സാമുവേൽ ജെ. സ്റ്റോൺ. "ദ ചർച്ചസ് വൺ ഫൗണ്ടേഷൻ," *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, എഡി., ആൾട്ടൻ എച്ച്. ഹോവാർഡ് (വെല്റ്റ് മോൺറോ, ലാ: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1996). [14]പ്രവൃത്തികൾ 2:47 നെ കുറിച്ച് കെജെവി നോക്കുക. 1 കൊരിന്ത്യർ 12:13 ലെ ശരീരം സഭയാണ് (എഫെസ്യർ 1:22, 23). [15]ക്രിസ്തു മടങ്ങി വരുന്നതുവരെ സഭയ്ക്ക് ക്രിസ്തുവുമായി "വിവാഹം" നടത്തുവാൻ സാധ്യമല്ല എന്നാണ് ചിലർ വിശ്വസിക്കുന്നത് – തെറ്റായ ആ വാഗ്ദാനം അനുസരിച്ച് അവർ ചില തീർപ്പിലെത്തുന്നു. വിവാഹനിശ്ചയത്തിന്റെ സ്വഭാവം അവർ മനസിലാക്കുന്നില്ല. സഭ സ്ഥാപിതമായതു മുതൽ അത് ക്രിസ്തുവിന്റെ മണവാട്ടിയാണ്. [16]തോമസ് എഫ്. ടൊറാൻസ്, *ദ അപോകാലിപ്സ്, ടുഡേ.* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 130. [17]നിങ്ങളുടെ പ്രദേശത്തിലെ വിവാഹത്തിന്റെ ഒരുക്കങ്ങളെ കുറിച്ച് നിങ്ങൾക്ക് വേണമെങ്കിൽ ചർച്ച ചെയ്യാം. [18]അദ്ധ്യായം 19 ലെ മണവാട്ടിയെ തിരിച്ചറിയുന്നതിന് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ, വാക്യം 8 അത് വ്യക്തമാക്കും. മണവാട്ടി വിവാഹവസ്ത്രം ധരിക്കും, അത് വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാണ്: അതുകൊണ്ട് മണവാട്ടി = വിശുദ്ധന്മാർ. ഇത് മറ്റൊരു വിധത്തിൽ മണവാട്ടി സഭയാണെന്ന് പറയുന്നു (രക്ഷിക്കപ്പെട്ടവരുടെ കൂട്ടം). [19]അദ്ധ്യായം 17 ലെ പാപിയായ വേശ്യയുടെ വശീകരണ ആഹ്വാനത്തിൽനിന്നു വ്യത്യസ്തമാണ് ഇത്. മണവാട്ടിയും വേശ്യയും തമ്മിലുള്ള പല അന്തരങ്ങളും എടുത്തുകാണിക്കാം. *വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ "ബാബിലോൻ നിങ്ങളെ വഴി തെറ്റിക്കുമ്പോൾ" എന്ന പാഠം നോക്കുക. [20]വാക്യം 8, 6:11 മായി താരതമ്യം ചെയ്യുക.

[21]"നീതി" എന്ന ബഹുവചനത്തിനായി ഉപയോഗിക്കുന്ന ഒറ്റ ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "നീതിപ്രവൃത്തികൾ" എന്ന വാക്ക്, അത് മോശമായ പ്രയോഗമാണ്. "നീതി ക്രിയകളാണ്" നീതി പ്രവൃത്തികൾ എന്നാണ് മിക്ക തർജിമക്കാരും കരുതുന്നത്. മൂലഗ്രന്ഥത്തിൽ ശരിയായ അർത്ഥം (കെജെവിയിൽ "നീതി" എന്നാണ്. [ഏകവചനം], എന്നാൽ എൻകെജെവിയിൽ "നീതി പ്രവൃത്തികൾ") എന്നാണ്. വിശേഷ

വസ്ത്രത്തെ കുറിച്ച് 22:14-ൽ കാണാം, അവിടെ പറയുന്നത്, “വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ ...” എന്നാണ്. നമ്മുടെ വസ്ത്രം യേശുവിന്റെ രക്തത്താൽ കഴുകിയ താണ്, എന്നാൽ വിശ്വാസത്താലും അനുസരണത്താലും “നാം അവ കഴുകണം.” [22]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 340. [23]എച്ച് എൽ എലിസൺ, *1 പത്രൊസ് – റെവലേഷൻ* സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്സ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 83. [24]ഹെന്റി ബി സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്. ജോൺ*, കെയിംബ്രിഡ്ജ്, മാക്മില്ലൻ കമ്പനി., 1908, റീപ്രിന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി), 247. [25]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവലേഷൻ* (ആസ്റ്റിൻ. ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1979), 443. (എംഫസിസ് ഹിസ്.) [26]ആ വക്താവിനെ തിരിച്ചറിയുവാൻ പല ആശയങ്ങളും എടുക്കുന്നതിൽ, രക്തസാക്ഷിയായി സ്വർഗത്തിൽ പോയയാൾ എന്നതും ഉൾപ്പെടും. സന്ദർഭത്തിന് യോജിച്ചത് ദൂതൻ എന്നതാണ്, അതെന്തായാലും പോയിന്റ് മാറുന്നില്ല. അവൻ യേശുവോ അല്ലെങ്കിൽ യഹോവയോ അല്ലാത്തതിനാൽ അവനെ ആരാധിക്കാ വുന്നതല്ല. [27]വെളിപ്പാടിലെ ഉപദേശങ്ങളും ദർശനങ്ങളിൽ ഭാഗമോ അല്ലെങ്കിൽ മുഴു വനോ വെളിപ്പെടുത്തി കിട്ടിയതാണ് യോഹന്നാൻ രേഖപ്പെടുത്തിയത് എന്നോർക്കുക (1:11, 19; 2:1; 10:4; 14:13; 21:5). [28]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ “കൊടുങ്കാറ്റിന് മീതെ ഉയരൽ” എന്ന പാഠത്തിലുള്ള 7:14 ന്റെ കുറിപ്പുകൾ നോക്കുക. സുവിശേഷ പ്രസംഗത്താലാണ് നമ്മെ “ക്ഷണിച്ചത്”. (1 കൊരിന്ത്യർ 1:9; 2 തെസലൊനിക്യർ 2:14.) ക്ഷണത്തെ നിസാരമായി കണ്ടാൽ കർത്താവ് എന്തു വിചാരിക്കുമെന്നറിയുവാൻ മത്തായി 22:1-14 നോക്കുക. [29]താരതമ്യം ചെയ്യാവുന്ന ഒന്ന് അദ്ധ്യായം 12 ലുണ്ടാ യിരുന്നു, അവിടെ സ്ത്രീ സഭയാണെന്നും, അവളുടെ മക്കൾ സഭയിലെ അംഗങ്ങ ളാണെന്നും നാം തിരിച്ചറിയുകയുണ്ടായി. [30]ആ വ്യാഖ്യാതാക്കൾ ക്ഷണിക്കപ്പെട്ടവ രിൽ മറ്റുള്ളവരേയും കാണുന്നുണ്ട്. യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരുടെ സംഘമാണ് = സഭയിലുള്ളവർ എന്നു മനസിലാക്കാതെ “സഭാംഗങ്ങളല്ലാത്ത രക്ഷി ക്കപ്പെടുന്നവരും അതിഥികളിലുൾപ്പെടും” എന്നു പോലും ഒരെഴുത്തുകാരൻ കരു തുന്നു (പ്രവൃത്തികൾ 20:28; എഫെസ്യർ 5:23, 25).

[31]വെളിപ്പാട് പുസ്തകം അക്ഷരികമായി എടുക്കണമെന്നതിന്റെ തെളിവായി ആ വാക്കുകൾ ചിലർ എടുക്കും; എന്നാൽ വാസ്തവം എന്തെന്നാൽ, അത് സ്വാഭാവികമായി അക്ഷരികമായി മാറുന്നില്ല, ഹെന്റി സ്വെറ്റ് എഴുതി, “ചിലർ അവകാശപ്പെടുന്നതുപോ ലെ വിശദാംശങ്ങളെല്ലാം അക്ഷരികമായി നിറവേറണമെന്നില്ല. അപോകാലിപ്റ്റിക്ക് ഭാഷക്ക് അതിന്റേതായ രീതിയും വ്യാഖ്യാനനിയമങ്ങളുമുണ്ട്. അവയാലാണ് ഒരു വിദ്യാർത്ഥി നയിക്കപ്പെടേണ്ടത്” (സ്വെറ്റ്, 248). [32]സാധ്യതയുണ്ട്, വാസ്തവത്തിൽ അതാണ് ബൈബിളിലുടനീളം. [33]ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 221. [34]മൈക്കിൾ വിൽക്കോക്ക്, *ഐ സാ ഹെവെൻ ഓപ്പന്റ്: ദ മെസേജ് ഓഫ് റെവലേഷൻ.* ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 173. (എംഫസിസ് ഹിസ്.) [35]അക്ഷരികമായി ആ വക്താവ് പറഞ്ഞു, “ഞാൻ ഒരു സഹഭൃത്യനത്രെ.” [36]“യേശുവിന്റെ സാക്ഷ്യം” എന്ന പ്രയോഗം നാം മുൻപ് വെളിപ്പാടിൽ കണ്ടിട്ടുണ്ട് (1:2, 9). അതിനർത്ഥം “യേശുവിനെ *കുറിച്ചുള്ള* സാക്ഷ്യം” എന്നോ അല്ലെങ്കിൽ,

"യേശുവിൽ *നിന്നുള്ള* സാക്ഷ്യമോ" ആകാം. ആ രണ്ട് വാക്കുകളും അടിസ്ഥാനപരമായി സുവിശേഷത്തിന്റെ പര്യായങ്ങളാണ്. [37]വേദഭാഗം അടുത്തത് "യേശുവിന്റെ സാക്ഷ്യം" പ്രവചനവുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കയാൽ (ദൈവശ്വാസിയ ഉപദേശം) ഈ വാക്യത്തിൽ "യേശുവിന്റെ സാക്ഷ്യം മുറുകെ പിടിച്ചവർ" എന്ന് പറഞ്ഞിരിക്കുന്നത്, പ്രത്യേകമായിട്ടാണ് യോഹന്നാനോടും മറ്റ് അപ്പൊസ്തലന്മാരോടും പറഞ്ഞത്. എങ്ങനെയായാലും, അത് അങ്ങനെയാണെങ്കിൽ, 12:17-ൽ പറഞ്ഞിരിക്കുന്നത് പൊതുവിൽ വിശ്വസ്തരായ ക്രിസ്ത്യാനികളെയാണ്. അതായിരിക്കണം ഇവിടെ അർത്ഥം. എങ്ങനെയായാലും, പോയിന്റിന് മാറ്റമില്ല. ദൈവത്തെ അല്ലാതെ മറ്റാരെയും ആരാധിക്കരുത്. [38]വായനക്കാരും ദൂതന്മാരെ ആരാധിക്കരുത് എന്ന് മനസിലാക്കണമായിരുന്നു (കൊലൊസ്യർ 2:18). [39]ദൂതന്മാരെ ആരാധിക്കരുതെങ്കിൽ, മനുഷ്യർ അവരിൽനിന്ന് എത്രയോ താഴെയാണ്! (പ്രവൃത്തികൾ 10:25, 26; 14:11-18 നോക്കുക). [40]യേശു ദൈവമാണെന്ന് ഈ വേദഭാഗം പരോക്ഷമായി പറയുന്നു. ദൈവത്തെ മാത്രമെ ആരാധിക്കാവു. യേശു ഭൂമിയിലായിരുന്നപ്പോൾ ആരാധന സ്വീകരിച്ചിരുന്നു (യോഹന്നാൻ 9:35-38). യേശുവിനെ കുറിച്ച് എബ്രായർ 1:6 പറയുന്നു, "ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കട്ടെ." ദൈവത്തെ മാത്രമെ നമസ്ക്കരിക്കാവു എന്നതിനാൽ, യേശു ദൈവം തന്നെയായിരിക്കണം (അതായത്, ദൈവികം).

[41]*അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി*, 3 ഡ് എഡി., എസ്. വി. "സ്പിരിറ്റ്". [42]വാക്യം 10 ന്റെ അവസാന ഭാഗത്തെ കുറിച്ച് പല വ്യാഖ്യാനങ്ങൾക്കും സാധ്യതയുണ്ട് (ആധുനിക തർജിമകൾ താരതമ്യം ചെയ്യുക). യേശുവിനെ കുറിച്ചുള്ള വെളിപ്പാടിൽ പരിശുദ്ധാത്മാവിന് പങ്കുള്ളതുകൊണ്ട് "ആത്മാവ്" എന്നു പറയുന്നത് പരിശുദ്ധാത്മാവാണെന്ന് ചിലർ പറയുന്നു. ചിലർ "ആത്മാവ്" എന്ന വാക്കിന് പകരം "ശ്വാസിയം" എന്നാക്കിയിരിക്കുന്നു. "ആത്മാവിനെ" ചിലപ്പോൾ "കാറ്റ്" എന്നും "ശ്വാസം" എന്നും തർജിമ ചെയ്തിരിക്കയാൽ, യേശുവിനെ കുറിച്ചുള്ള സാക്ഷ്യം ശ്വാസിയ ഉപദേശത്തിന്റെ "ജീവശ്വാസം" ആണെന്ന് ചിലർ വിശ്വസിക്കുന്നു. വാക്യം 10 ലെ വാക്കുകളുടെ അർത്ഥം എന്തായാലും, ഊന്നൽ "യേശു" എന്ന വാക്കിനാണ്, തീർപ്പ് എല്ലാറ്റിലും ഒരുപോലെയാണ്, *യേശു*വിനെ ഉയർത്തുക. [43]സ്വർഗീയ വിവാഹത്തിൽ പോലും, യേശുവിനെയാണ് ഉയർത്തുന്നത്. ഭൗമിക വിവാഹം ഏകദേശം മണവാട്ടിക്കു ചുറ്റുമാണ് നടക്കുന്നത്, എന്നാൽ കല്ല്യാണം "*കുഞ്ഞാടിന്റെ* വിവാഹമാണ്" (വാ. 7; എംഫസിസ് മൈൻ). [44]നിങ്ങൾ ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ സദസ്യരോട് ഉടനെ പ്രതികരിക്കുവാൻ പറയുക. [45]മിലോ ഹാഡ്വിൻ. *ദ ഓവർകമേഴ്സ്: സെർമൺസ് ഓൺ റെവലേഷൻ* (അബിങ്ടൺ ടെക്സ്.: മിഷൻ പ്രിന്റിങ്, എൻ. ഡി.) 195-203. [46]മയർ പേൾമാൻ, *വിൻഡോസ് ഇൻടു ദ ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവലേഷൻ* (സ്പ്രിങ്ഫീൽഡ്, മോ.: ഗോസ്പൽ പബ്ലിഷിങ് ഹൗസ്, 1941), 153-57.

---

### ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കുന്നതിന് പഴയനിയമത്തിലും പുതിയനിയമത്തിലും ഉപയോഗിച്ച കല്ല്യാണം എന്ന അലങ്കാരം ചർച്ച ചെയ്യുക. സഭ ക്രിസ്തുവിന്റെ മണവാട്ടി ആണ് എന്ന പൗലൊസിന്റെ പരാമർശത്തെയും സ്പർശിക്കുക.
2. സഭ ക്രിസ്തുവിന്റെ മണവാട്ടി ആകയാൽ, സഭയിൽ അംഗ

മായിത്തീ രുക എന്നത് എത്ര പ്രാധാന്യമുള്ളതാണ്?

3. വിരുന്നിന്റെ അലങ്കാരം എങ്ങനെ ആഘോഷവും സന്തോഷവുമായി മാറുന്നു?
4. വസ്ത്രം ധരിക്കൽ ഭാവന എങ്ങനെ പെരുമാറ്റത്തിൽ മാറ്റം വരുന്നു?
5. പ്രത്യേകമായി വിവാഹനിശ്ചയവും വിവാഹവും തമ്മിലുള്ള കാലയളവും ശ്രദ്ധിച്ച്, യെഹൂദന്മാരുടെ വിവാഹാഘോഷത്തെ വിവരിക്കുക.
6. നിങ്ങൾ പങ്കെടുത്ത സന്തോഷകരമായ ഒരു വിവാഹത്തെ കുറിച്ചു പറയുക. ആ സന്തോഷസാഹചര്യം യേശുവുമായുള്ള നമ്മുടെ ബന്ധത്തിൽ എങ്ങനെ യോജിച്ചിരിക്കുന്നു?
7. മണവാട്ടിയുടെ വിവാഹ ഒരുക്കത്തിൽ പ്രധാനപ്പെട്ട ഒന്നാണോ വസ്ത്രം തിരഞ്ഞെടുക്കുന്നത്? നമ്മുടെ വേദഭാഗം പറയുന്നു, മണവാട്ടി ശുദ്ധവും ശുഭ്രവുമായ വസ്ത്രം ധരിച്ചിരുന്നു എന്ന്. അതിന്റെ അർത്ഥം എന്താണ്?
8. നമ്മുടെ “ജീവിത-വസ്ത്രങ്ങൾ” എങ്ങനെ ശുദ്ധമായി? നമ്മുടെ ജീവിതം നിർമ്മലമായി സൂക്ഷിക്കേണ്ടതുണ്ടോ?
9. നമ്മുടെ പാഠം ഇരട്ട അലങ്കാരത്തെ കുറിച്ച് പറയുന്നു: മണവാട്ടി സഭയാണ്, ക്ഷണിക്കപ്പെട്ട അതിഥികൾ സഭയിലെ അംഗങ്ങളുമാണ്. വെളിപ്പാടിന്റെ ആരംഭത്തിൽ നാം ഇരട്ട-അലങ്കാരം കണ്ടില്ലേ?
10. കല്ല്യാണ സദ്യക്ക് ക്ഷണിക്കപ്പെട്ടവർ ഏതർത്ഥത്തിലാണ് “ഭാഗ്യവാന്മാരാകുന്നത്”? ക്ഷണിച്ചാൽ മാത്രം മതിയോ? അതോ നാം ക്ഷണം *സ്വീകരിക്കണോ*?
11. യോഹന്നാൻ സ്വർഗിയ സന്ദേശവാഹകന്റെ കാൽക്കൽ വീണു നമസ്ക്കരിക്കുവാൻ ശ്രമിച്ചതെന്തുകൊണ്ട്?
12. നാം ദൂതന്മാരെ നമസ്ക്കരിക്കാമോ? നാം പ്രധാനപ്പെട്ട മതാദ്ധ്യക്ഷന്മാരുടെ മുൻപിൽ കുമ്പിടാമോ? എന്തുകൊണ്ട്?
13. “യേശുവിന്റെ സാക്ഷ്യം പ്രവചനത്തിന്റെ ആത്മാവാകുന്നു” എന്ന വാചകത്തിന്റെ സാധ്യതയുള്ള അർത്ഥങ്ങൾ വിവരിക്കുക.